**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം –ചാലക്കുടി നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. ജോസ് ആന്റോ യുടെ മുൻകാല സർവ്വീസ് പരിഗണിച്ച് ശമ്പളം പരിരക്ഷിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ) നം.3253/2016/തസ്വഭവ തീയതി, തിരുവനന്തപുരം,30.11.2016

പരാമർശം :

1. 13/04/1987 ലെ ജി.ഒ.(എം.എസ്) നം .162/87/ തസ്വഭവ
2. 07/06/89 ലെ ജി.ഒ.(എം.എസ്) നം.55/89/തസ്വഭവ
3. 12/9/06 ലെ ജി.ഒ.(എം.എസ്) നം.211/06/തസ്വഭവ
4. നഗരകാര്യഡയറക്ടറുടെ ഇ 3-11271/2016 നം. കത്ത്.

**<u>ഉത്തരവ്</u>**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ ചാലക്കുടി നഗരസഭയിൽ സീനിയർ ക്ലർക്കായ ശ്രീ. ജോസ് ആന്റോ മുനിസിപ്പൽ കോമൺ സർവ്വീസിൽ 11.02.2003 -ൽ പ്രവേശിക്കുന്നതിന് മുൻപ് 16.06.2000 മുതൽ 10.02.2003 വരെ റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയിൽ സേവനമനുഷ്ഠിച്ച കാലയളവിലെ സർവീസും ശമ്പളവും സംരക്ഷിച്ചു കിട്ടുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം(4) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറ്റം ലഭിച്ചുവന്നവരുടെ മുൻകാല സർവ്വീസ് ശമ്പള നിർണ്ണയത്തിന് കണക്കാക്കിക്കൊണ്ട് പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യം നൽകിക്കൊണ്ട് പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് പരാമർശം (3) പ്രകാരം റദ്ദാക്കപ്പെട്ടുവെങ്കിലും ആയതിന് മുൻകാല പ്രാബല്യം ഉണ്ടായിരുന്നില്ല. ഈ സാഹചര്യത്തിൽ സർക്കാർ സർവ്വീസിൽ നിന്നും 31/03/1984 നും 11/09/2006 നും ഇടയ്ക്ക് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിയ ജീവനക്കാർക്ക് അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ചു ലഭിക്കുന്നതിന് അർഹതയുണ്ട്. ഇതിൻപ്രകാരം സർക്കാർ സർവ്വീസിൽ നിന്നും മുനിസിപ്പൽ

കോമൺ സർവ്വീസിലേക്ക് മാറിയ ചില ഉദ്യോഗസ്ഥർക്ക് കോടതിവിധിയുടെ അടിസ്ഥാനത്തിൽ അവരുടെ മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകിക്കൊണ്ട് ഉത്തരവായിരുന്നു.

സർക്കാർ സർവ്വീസിൽ നിന്ന് മുനിസിപ്പൽ കോമൺ സർവ്വീസിലേക്ക് മാറിവരുന്നവർക്ക് മുൻകാല സർവ്വീസും ശമ്പളവും സംരക്ഷിച്ച് നൽകുന്ന 13/7/1987 ലെ സ.ഉ.(എം.എസ്)നം. 162/87/തസ്വഭവ ഉത്തരവിന് 31/03/1984 മുതൽ മുൻകാല പ്രാബല്യമുള്ളതിനാലും ശ്രീ.ജോസ് ആന്റോ.പി മുനിസിപ്പൽ കോമൺ സർവ്വീസിൽ ജോലിയിൽ പ്രവേശിച്ചത് ടി ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടുള്ള 12/09/2006 ലെ സ.ഉ (എംഎസ്) നം.211/2006/ത.സ്വ.ഭ.വ ഉത്തരവിന് മദ്ധ്യേ ആയതിനാലും ടിയാൻ റവന്യൂ വകുപ്പിൽ വില്ലേജ്മാൻ തസ്തികയിൽ സേവനം അനുഷ്ഠിച്ച 16.06.2000 മുതൽ 10.02.2003 വരെയുള്ള കാലയളവിലെ റഗുലർ സർവ്വീസ് കണക്കിലെടുത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ശമ്പളം പരിരക്ഷിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം

**അബ്ദുൾ കലാം എം**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
(ശ്രീ. ജോസ് ആന്റോയുടെ സേവനപുസ്തകവും ഉൾപ്പെടെ)
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ശ്രീ. ജോസ് ആന്റോ, സീനിയർ ക്ലാർക്ക്, ചാലക്കുടി നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് ( Dev-4/210/2016-Fin 28.10.2016 പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ